15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 496 | **10-02-2025 - ൽ മറുപടിയ്ക്ക്**

ധനകാര്യ പരിശോധന വിഭാഗം

ചോദ്യം		ഉത്തരം	
ശ്രീ. യു. എ. ലത്തീഫ്		ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)	
(എ)	പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ ധനകാര്യ പരിശോധന വിഭാഗത്തിന് ചുമതല നൽകിക്കൊണ്ട് 2016 മേയ് മുതൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;	(എ)	G.O (P) No. 173/2021/Fin dated 20.12.2021 & G.O(Rt)No. 6188/2022/Fin dated 02.09.2022 ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.
(ബി)	പ്രസ്തുത ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയ്ക്കായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;	(ബി)	ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയ്ക്കായി "സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ" പുറപ്പെടുവിച്ചിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
(സി)	08/04/2022 തീയതിയിലെ സ.ഉ.(കൈ)നം.52/2022/പൊ.വി.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സെക്രട്ടേറിയേറ്റ് ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള വ്യവസ്ഥകൾ ലംഘിച്ച് ധനകാര്യ പരിശോധനാ വിഭാഗം ജില്ലാ സ്ക്വാഡുകളിൽ 5 വർഷത്തിലേറെയായി ചില ജീവനക്കാർ ഒരേ ഓഫീസിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അഴിമതിക്ക് വഴിതെളിക്കുമെന്നതിനാലും ചട്ടവിരുദ്ധമായതിനാലും മേൽ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുമോ;	(സി)	സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലം മാറ്റങ്ങൾക്കായി പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.)52/2022/ജി.എ.ഡി. ഉത്തരവിന് വിധേയമായാണ് ധനകാര്യ വകുപ്പിൽ സ്ഥലംമാറ്റങ്ങൾ നടത്തുന്നത്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള നിശ്ചിത കാലാവധി പൂർത്തിയാക്കിയ ശേഷവും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കണ്ണൂർ ജില്ലാ സ്ക്വാഡുകളിൽ ജോലി ചെയ്ത് വരുന്ന അസിസ്റ്റന്റ് കേഡറിൽപ്പെട്ട 4 ജീവനക്കാർക്ക് ടിയാളുകൾ ജോലി ചെയ്യുന്ന ഓഫീസുകളിൽ 5 വർഷം പൂർത്തിയായതിനു ശേഷവും തുടരുന്നതിനു അനുമതി നല്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ ജീവനക്കാരെ മേൽപ്പറഞ്ഞ വിദൂര ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നത് വഴി ജീവനക്കാർക്ക് നേരിടുന്ന അസൗകര്യങ്ങളും തുടർന്നുണ്ടാകുന്ന ഭരണപരമായ ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനു വേണ്ടിയാണ് അതാത് ജില്ലകളിലെയും സമീപ ജില്ലകളിലെയും

			നിവാസികളായ ജീവനക്കാരെ പ്രസ്തുത തസ്തികകളിൽ തുടരാൻ അനുവദിച്ചിട്ടുള്ളത്. ടി ജീവനക്കാരുടെ നാളിതുവരെയുള്ള സേവനം തൃപ്തികരമായതും, ഇവർക്കെതിരെ അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടില്ലാത്തതുമാണ്. കൂടാതെ ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗത്തിലേയ്ക്കുള്ള നിയമനങ്ങൾ 08.04.2022 തീയതിയിലെ സ.ഉ.(കൈ)നം.52/2022 ഉത്തരവിൽ പരാമർശിക്കുന്ന അന്തർവകുപ്പ് സ്ഥലം മാറ്റങ്ങൾ ഉൾപ്പെട്ട് വരുന്നതല്ല.
(ഡി)	സ്പാർക്ക് സോഫ്റ്റ്‌വെയറിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സ്പാർക്ക് പി.എം.യു. വകുപ്പും ധനകാര്യ പരിശോധനാ വിഭാഗവും തിരുവനന്തപുരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ ഉൾപ്പെടെ 2016 മുതൽ നടത്തിയിട്ടുള്ള പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;	(ഡി)	1. ഏറ്റുമാനൂർ ഇ.എസ്.ഐ. ഡിസ്പൻസറിയിലെ ഓഫീസ് അറ്റന്റന്റിന്റെ സ്പാർക്ക് അക്കൗണ്ടിലെ വിവരങ്ങൾ തിരുത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയംജില്ലാ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 2. സ്പാർക്ക് (പി.എം.യു)-കൊല്ലം മരുത്തടി കണ്ണിമേൽ എ. വി .എൽ .പി സ്കൂളിലെ സ്പാർക്ക് സംവിധാനത്തിലെ ദുരുപയോഗം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 3. തിരുവനന്തപുരം സ്പാർക്ക് (പി.എം.യു)-ലെ സ്പാർക്ക് ജീവനക്കാരും സർക്കാർ ജീവനക്കാരും സോഷ്യൽ മീഡിയയിൽ ഗ്രൂപ്പുണ്ടാക്കി സേവനങ്ങൾ നൽകി സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 4. തിരുവനന്തപുരം സ്പാർക്ക് (പി.എം.യു)-ലെ മാസ്റ്റർ ട്രെയിനർ നിയമനങ്ങളിൽ അഴിമതിയും സ്വജന പക്ഷപാതവും സംബന്ധിച്ച പരാതിയിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 5. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് നടത്തിയ പരിശോധനയിൽ ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്പാർക്കിൽ തിരിമറികൾ നടത്തി

			അവധിയിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ ശമ്പളം മാറിയെടുക്കൽ ശൂന്യവേതന/അർദ്ധവേതന അവധിയിൽ ഉള്ളവർക്കു അധിക ശമ്പളം അനുവദിക്കൽ നഴ്സിങ് വിഭാഗത്തിലെ ജീവനക്കാർക്ക് സ്പെഷ്യൽ പേ ഇനത്തിൽ അനധികൃതമായി തുക അനുവദിക്കൽ, സെക്ഷൻ ക്ലാർക്ക് ശ്രീ. സജു. പി. ആർ-ന് അനധികൃതമായി ഇൻക്രിമെന്റ് അനുവദിക്കൽ എന്നിവ വഴി സംസ്ഥാന ഖജനാവിന് നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. 6. മലപ്പുറം ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് ഒതുക്കുങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ നടത്തിയ പരിശോധനയിൽ ശ്രീ.സി.പി.സൗഫീല എന്ന അധ്യാപികയുടെ 14-10-2015 മുതൽ 31-10-2015 വരെയുള്ള ശൂന്യവേതാനാവധികാലയളവിലെ 18 ദിവസത്തെ ശമ്പളം ഉൾപ്പെടെ 2015 ഒക്ടോബർ മാസത്തെ പൂർണനിരക്കിലുള്ള ശമ്പളം പ്രസ്തുത അധ്യാപികയുടെ പേരിൽ ട്രഷറിയിൽനിന്ന് പിൻവലിക്കുകയും, ശമ്പളം അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യുന്നതിനായി ബാങ്കിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റേതായി സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന പകർപ്പ് പ്രകാരം പ്രസ്തുത അധ്യാപികക്ക് അർഹമായ തുക മാത്രം നൽകി, ശേഷിക്കുന്ന 16,755/- രൂപയിൽനിന്നും 11,420/-രൂപ സ്കൂളിലെ ക്ലർക്കായിരുന്ന ശ്രീ.സാജന്റെ പേരിലുള്ള അക്കൗണ്ടിലേക്കും, 5,335/-രൂപ ഇതേ സ്കൂളിൽനിന്നും 31-03-2015 ന് വിരമിച്ച അറബിക് അധ്യാപകനായിരുന്ന ശ്രീ.അഹമ്മദ്കുട്ടി എന്നവരുടെ അക്കൗണ്ടിലേക്കും നിക്ഷേപിക്കുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.
(ഇ)	പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?	(ഇ)	**1) കോട്ടയം ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം ഏറ്റുമാനൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, ചുവടെ പറയുന്ന ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ധനകാര്യ (IT-SF) വകുപ്പിന് കൈമാറിയിട്ടുണ്ട്.** i. ഏറ്റുമാനൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സ്പാർക്ക് സംവിധാനത്തിലെ ഡാറ്റ തിരുത്തിയതുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായി കണ്ടെത്തിയിട്ടുള്ള ശ്രീ. സൂരജ് ഫ്രാങ്ക്ലിൻ (ക്ലാർക്ക്) നെതിരെ വകുപ്പ് തലത്തിൽ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്. ii. ഏറ്റുമാനൂർ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്നത് പുതിയ കെട്ടിടത്തിലാണ്. ടി കെട്ടിടത്തിൽ നാളിതുവരെയായി ഇന്റർനെറ്റ്

സംവിധാനം ലഭ്യമാക്കിയിട്ടില്ല. ടി കാര്യാലയത്തിലെ സ്പാർക്ക് സംവിധാനം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ വീട്ടിലെ കമ്പ്യൂട്ടർ മുഖേനയാണ് പ്രസ്തുത ബില്ലും മറ്റും തയ്യാറാക്കുന്നത്. ആയതിനാൽ ടി കാര്യാലയത്തിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

iii. സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 27.03.2018 തീയതിയിലെ 21/2018/ധന. നമ്പർ പരിപത്രം പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

2) ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് സ്പാർക്ക് പി.എം.യു & മരുത്തടി കണ്ണിമേൽ എ.വി.എൽ.പി.സ്കൂൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, പരിശോധനാ റിപ്പോർട്ടിലെ മൂന്ന് ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത്തിനായി റിപ്പോർട്ട് ധന (ഭരണം-എ) വകുപ്പിന് കൈമാറിയിട്ടുണ്ട്.

3) ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് തിരുവനന്തപുരം സ്പാർക്ക് (പി.എം.യു)-ൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, പരിശോധനാ റിപ്പോർട്ടിലെ പത്തൊൻപത് ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത്തിനായി ഫയൽ ധന (ഭരണം-എ) വകുപ്പിന് കൈമാറിയിട്ടുണ്ട്.

4) ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് തിരുവനന്തപുരം സ്പാർക്ക് (പി.എം.യു)-ൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്, പരിശോധനാ റിപ്പോർട്ടിലെ രണ്ട് ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ധന (ഭരണം-എ) വകുപ്പിന് കൈമാറിയിട്ടുണ്ട്.

5) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി (ഇ) വകുപ്പ് നടത്തിയ പരിശോധനയിൽ സംസ്ഥാന ഖജനാവിന് ഒരു കോടി പതിനെട്ടു ലക്ഷത്തി പതിനൊന്നായിരത്തി അറുപതു രൂപ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. ആയതു ബന്ധപ്പെട്ടവരിൽ നിന്നും 18% പലിശ ഉൾപ്പെടെ തിരികെ ഈടാക്കുവാനും ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ഭരണവകുപ്പിനോട് (ആരോഗ്യ കുടുംബക്ഷേമ-കെ) വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ 11 മുതൽ 16 വരെയുള്ള ശിപാർശകളിൽ ബന്ധപെട്ടവയിൽ നടപടി സ്വീകരിക്കുവാനായി

			ധനകാര്യ (സ്കീം ലൈനിങ്), ധനകാര്യ (സ്പാർക് പി.എം.യു), ധനകാര്യ (പി .ആർ .സി -ഡി), ധനകാര്യ(ആഭ്യന്തര ഓഡിറ്റ് -എ) ധനകാര്യ പരിശോധന (എൻ.റ്റി -എ) ധനകാര്യ (സി.റ്റി.എഫ്.എം) വകുപ്പുകൾക്കും റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. 6) മലപ്പുറം ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് ഒതുക്കുങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ തെറ്റായി പിൻവലിച്ച തുകകൾ 12/11/2018 തീയതിയിലെ KL008072663201819, KL0079344052018 നമ്പർ ചലാനുകൾ പ്രകാരം സർക്കാരിലേക്ക് തിരികെ ഈടാക്കിയിട്ടുണ്ട്. ഒതുക്കുങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ മേൽ പറഞ്ഞ തിരിമറി നടത്തിയ ശ്രീ.സാജനെതിരെ കർശനമായ അച്ചടക്കനടപടിക്കും, സ്കൂൾ പ്രധാനാധ്യാപികയായ ശ്രീമതി. പ്രസീദ വി. എന്നിവർക്കെതിരെ ഉചിതമായ വകുപ്പുതല നടപടിക്കും ശിപാർശചെയ്തിട്ടുണ്ട്. കൂടാതെ, ജീവനക്കാരുടെ അക്കൗണ്ട് നമ്പർ പോലുള്ള പ്രധാനകാര്യങ്ങൾ SPARK/BIMS ൽ മാറ്റം വരുത്തുന്നത് ജീവനക്കാരന്റെ രജിസ്റ്റർചെയ്ത മൊബൈൽ നമ്പറിലേക്കുള്ള OTP സന്ദേശം മുഖേന നിയന്ത്രിക്കുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്പാർക്ക് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 7) ധനകാര്യ പരിശോധന (എൻ.റ്റി-ഇ) വകുപ്പ് ധനകാര്യ (സ്പാർക്-പി.എം.യു) വകുപ്പിനു ലഭ്യമാക്കിയ അനൗദ്യോഗിക കുറിപ്പ് നമ്പർ 1414338/ധ.പ.വി-ഇ1/2020-ധന പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് ചുവടെയുള്ള മാറ്റങ്ങൾ സ്പാർക്കിൽ വരുത്തിയിട്ടുണ്ട്. i. 10.09.2024 തീയതിയിലെ സർക്കുലർ 56/2024/ധന പ്രകാരം സ്പാർക്ക് ആപ്ലിക്കേഷന്റെ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി. വ്യക്തിഗത ലോഗിൻ ഒഴികെ പ്രത്യേകാധികാരം ഉള്ള എല്ലാ സ്പാർക്ക് ലോഗിനുകൾക്കും ആധാർ അധിഷ്ഠിത മൊബൈൽ ഒ.ടി.പി സംവിധാനം ഏർപ്പെടുത്തിയിരുന്നു. ii. സ്പാർക്ക് ഡാറ്റാബേസിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി ഇവ മാറ്റുന്നതിന് ആധാർ അധിഷ്ഠിത മൊബൈൽ ഒ.ടി.പി സംവിധാനം ഏർപ്പെടുത്തിയിരുന്നു.

			iii. ഒരു ജീവനക്കാരന്റെ ശമ്പളപ്രോസസ്സിങ് സ്പാർക്കിലൂടെ ആറുമാസകാലം നടത്തപ്പെടാത്ത പക്ഷം അതിന്റെ പ്രോസസ്സിങ് തടയുന്ന രീതിയിൽ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിനായി സ്പാർക്ക് സോഫ്റ്റ്‌വെയർ ഒരുക്കുന്ന NIC ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. iv. സ്പാർക്ക് സോഫ്റ്റ്‌വെയർ ഒരു പഴയ ലെഗസി സിസ്റ്റം ആയതിനാൽ നിലവിലെ പതിപ്പിൽ കൂടുതൽ മാറ്റങ്ങൾ വരുത്താൻ കഴിയുന്നില്ല. അതിനാൽ, 100 ജീവനക്കാരിൽ കൂടുതൽ പേരുടെ എസ്റ്റാബ്ലിഷ്മെന്റ് ശമ്പള ബിൽ തയ്യാറാക്കേണ്ട ഓഫിസുകളിൽ മേക്കർ, ചെക്കർ, അപ്രൂവൽ എന്നീ മൂന്ന് നിലകൾ ഉൾപ്പെടുത്തുന്നതിനും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ കേഡറുകൾക്ക് ശമ്പള കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള യൂണിഫോം അലവൻസുകൾ, കോമ്പൻസേറ്ററി അലവൻസുകൾ, സ്പെഷ്യൽ അലവൻസുകൾ, അഡീഷണൽ സ്പെഷ്യൽ അലവൻസുകൾ എന്നിവ പ്രത്യേകം നാമകരണമുള്ളതാക്കുന്നതിനും, മുൻനിശ്ചയിച്ച സീലിംഗുകൾ ഉൾപ്പെടെയുള്ള സുരക്ഷാ നടപടികൾ നടപ്പാക്കുന്നതിനും സ്പാർക്കിന്റെ പുതിയ പതിപ്പിൽ ഉൾപ്പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത (Technical feasibility) പരിശോധിക്കാൻ എൻ.ഐ.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Kerala Financial Code – Authority to conduct inspections in PSUs, LSGIs, Co-operative Institutions, Autonomous Bodies, Universities, Grant–in-Aid Institutions etc. by Finance Inspection (NT) Wing – Modified Orders – issued.

FINANCE (Inspection Non-Technical – A)Department

G.O(P)No. 173/2021/FIN Dated, Thiruvananthapuram, 20/12/2021

Read : 1. GO(P) No.723/64/PD Dated, 19.10.1964
2. GO(P) No. 506/92/Fin Dated, 20.08.1992
3. GO(MS) No.376/96/Fin Dated, 03.05.1996
4. GO(MS) No.464/96/Fin Dated, 25.06.1996
5. GO(P) No. 59/2020/Fin Dated, 14.05.2020
6. G.O(P)No. 136/2020/Fin Dated, 13.10.2020
7. GO(P) No. 141/2021/Fin Dated, 26.10.2021

ORDER

As per the Government Orders read as 1st to 4th above, Government have delegated to the Finance (Inspection Non-Technical) Department the authority to conduct inspections (both surprise and routine) at various Government Offices, PSUs, Local Self Government Institutions, Co-operative Institutions, Autonomous Bodies, Universities, Grant-in-Aid Institutions and other similar institutions. Later, further instructions had been issued as per the GOs read as 5th and 6th above to give statutory backing for such inspections. Subsequently the GOs read as 5th and 6th above were cancelled, vide the GO read as 7th above.

II. Pursuant to the cancellation of the GOs read as 5th and 6th above, Government hereby issue the following orders.

1. The Finance Inspection (NT) Wing (FIW) will be competent to conduct surprise inspection on records pertaining to the following aspects in the Government offices, PSUs, Local Self Government Institutions, Co-operative Institutions, Autonomous Bodies, Universities, Grant-in-Aid Institutions or any agency funded by Government or financed by grants, loans or advances from the Consolidated Fund of the State.

a. Forms, statements and reports enshrined in the codified provisions of financial management notified by the Government.
b. Financial transactions.
c. Procurement of high value goods, works and services.
d. Entitlements of employees.
e. Revenue generation.
f. Cash handling.
g. Instances of misappropriation or fraud.
h. Compliance with extant instructions on financial management.
i. Use of vehicles.

2. The Head of Office shall furnish all records sought in writing by the FIW.
3. Observations of the FIW shall be furnished as Inspection Queries to the Head of Office being inspected. The reports shall be finalised after taking into account the reply, if any, furnished by the Head of Office. The reports of serious nature with recommendations of disciplinary action, recovery of money or further vigilance enquiry shall be approved by the Finance Secretary after circulating the report to Minister for Finance .
4. Based on inspections, the FIW will recommend best practices for financial efficiency.
5. The recommended actions in the Inspection Report shall be expeditiously acted upon by the Administrative Department(AD)/ Agency/Institutions. The AD/Agency/Institutions shall take appropriate disciplinary actions in cases of grave irregularities such as misappropriation and fraud and appropriate actions in other cases. AD shall ensure that such action is taken within 30 days of the receipt of the Inspection Report.
6. Irregularities requiring investigation by the Vigilance/Police Departments will be acted accordingly by the AD/Agency/Institutions.
7. Any loss of public money reported will be recovered from the Agency or the responsible public servant, after following due process.
8. The AD shall transmit a report of action taken to the Finance Department (FD) within two months of receipt of the Inspection Report. All pending actions will be reviewed by the FD quarterly.
9. Contents of the report shall not be released to any third party before finalization of Inspection Report.

10. A Committee chaired by Secretary Finance, Secretary of the AD and the Head of Department shall be competent to review representations against the FIW report or actions taken.

11. Conduct of inspection shall not prevent statutory audit conducted by the C&AG under the DPC Act, and that by Kerala State Audit Department.

12. The Government in the FD will separately issue detailed Standard Operating Procedure (SOP) to conduct financial inspections from time to time.

III. Necessary amendments to the Kerala Financial Code Volume-I will be issued separately.

(By Order of the Governor)
Rajesh Kumar Singh IAS
Additional Chief Secretary(Finance)

To:

The Principal Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (Audit-II) Kerala, Thiruvananthapuram.
All Additional Chief Secretaries/ Principal Secretaries/ Secretaries/Special Secretaries/Additional Secretaries/Joint Secretaries/ Deputy Secretaries/ Under Secretaries to Government.
The Secretary to Governor, Raj Bhavan.
The Private Secretary to Speaker/Deputy Speaker of the Legislative Assembly.
The Special Secretary to the Chief Secretary.
The Private Secretaries to the Chief Minister and other Ministers.
The Private Secretary to the Leader of Opposition.
All Heads of Departments/Offices.
All Departments and Sections of the Secretariat.
The Director of Treasuries, Thiruvananthapuram.
The Secretary, K.P.S.C., Thiruvananthapuram (with C.L.)
The Registrar, High Court of Kerala, Ernakulam (with C.L.)
The Registrar, University of Kerala/Kochi/Calicut/Mahatma Gandhi/ Kannur (with C.L.)
The Registrar, Fisheries University (with C.L.)
The Registrar, Kerala Veterinary and Animal Sciences University (with C.L.)
The Registrar, Kerala University of Health & Allied Sciences (with C.L.)
The Registrar, National University of Advanced Legal Studies (with C.L.)
The Registrar, Central University of Kerala (with C.L.)
The Registrar, Thunchath Ezhuthachan Malayalam University (with C.L)
The Registrar, Kerala Lok Ayukta, Thiruvananthapuram.
The Registrar, Kerala Administrative Tribunal, Thiruvananthapuram.
The Registrar, Kerala Agricultural University, Mannuthi.
The Registrar, Sree Sankara Sanskrit University, Kalady (with C.L.)
The Secretary, Ombudsman for Local Self Government, Thiruvananthapuram.
The Advocate General, Kerala, Ernakulam (with C.L.)
The Secretary, K.S.E.B., Thiruvananthapuram (with C.L.)

The General Manager, K.S.R.T.C., Thiruvananthapuram.
The Secretary, Human Rights Commission, Thiruvananthapuram.
The State Election Commissioner, Kerala, Thiruvananthapuram.
The State Chief Information Commissioner (with C.L.)
The Nodal Officer, www.finance.kerala.gov.in.
The Web and New Media,Information & Public Relations Department.
The Stock File/Office Copy (E 89614).

Forwarded /By order

Section Officer

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - ട്രഷറി ഇൻസ്പെക്ഷൻ - ധനകാര്യ (സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം) വകുപ്പിനു ചുമതല നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (ഭരണം-എ) വകുപ്പ്

സ.ഉ(സാധാ)നം. 6188/2022/ധന   തിരുവനന്തപുരം, തീയതി 02.09.2022

പരാമർശം : ഇ 2007581 നം. അനൗ. ഫയൽ.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനായി ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പിനു കീഴിലുള്ള സ്പെഷ്യൽ ഇൻസ്പെഷൻ ടീമിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പിൽ ഇതിനാവശ്യമായ ചുമതല ക്രമീകരണങ്ങൾ ധനകാര്യ (ഇൻസ്പെക്ഷൻ-എ) വകുപ്പ് നടപ്പിലാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
രാജേഷ് കുമാർ സിംഗ്
അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (എസ്.ഐ.ടി, ഇൻസ്പെക്ഷൻ വിംഗ് - എ, ഭരണം-ബി/സി, അക്കൗണ്ട്സ് എ/ബി, രഹസ്യം, ഐ.ടി.സിസ്റ്റംസ്) വകുപ്പ്.
സബ്ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

File No. IW-A1/12/2022-FIN (Computer No. 2007581)
Generated from eOffice by VIJAYA KUMAR G, SO (SIT) FIN, SO (SIT,FIN), Finance Department on 10/12/2024 05:13 PM